പോലീസ് കേഡറ്റുകൾക്ക് സാരംഭകത്വത്തിൽ അവബോധവും പരിശീലനവും നൽകുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

ഇൻക്യുബേഷൻ സ്പേസ്/സ്കിൽ ഡെവലപ്മെന്റ് സെന്റർ യുവസംരംഭകർക്കായി എറണാകുളം ജില്ലയിൽ കെ.എസ്.ഐ.ഡി.സി.-യുടെ ഇൻക്യുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ എരുമേലി എം.ഇ.എസ്. കോളേജിൽ ഒരു സ്കിൽ ഡെവലപ്മെന്റ് സെന്ററും ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ ഇൻക്യുബേഷൻ സെന്ററും പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇൻക്യുബേഷൻ സെന്റർ പ്രവർത്തനസജ്ജമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യിൽനിന്നും സഹായം അഭ്യർത്ഥിച്ചിട്ടുള്ള നോൺ ഐ.ടി. വിഭാഗത്തിൽപ്പെട്ട കോളേജുകൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

നിംസ് (NIMZ) പ്രോജക്ട്

225 (3379) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ചറിംഗ് സോണിൽ ഉൾപ്പെടുന്ന ജില്ലകൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കാമോ;

(ബി) വ്യാവസായിക വികസനത്തിന് നിംസ് (NIMZ) പ്രോജക്ട് ഏതെല്ലാം വിധത്തിൽ പ്രയോജനപ്പെടുന്നു എന്ന് വിശദീകരിക്കാമോ;

(സി) നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ചറിംഗ് സോണിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രോജക്ടിനായി എത്ര തുകയാണ് നീക്കി വെച്ചത്; അതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച കൊച്ചി പാലക്കാട് നിംസ് പദ്ധതിയിൽ എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളാണ് ഉൾപ്പെട്ടിരുന്നത്. എന്നാൽ പദ്ധതിക്കുവേണ്ടി കണ്ടെത്തിയ 5200 ഹെക്ടർ സ്ഥലം ഇടർച്ചയായുള്ളതാണെന്നും അങ്ങിങ്ങായി പലയിടങ്ങളിലുള്ള സ്ഥലമായതുകൊണ്ട് അനുമതി നൽകാനാകില്ലെന്നും കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. ഇത്തരത്തിൽ സാങ്കേതികമായ ബുദ്ധിമുട്ടുള്ളതിനാൽ നിംസ് പദ്ധതിയുമായി മുന്നോട്ടുപോകാൻ സംസ്ഥാന സർക്കാരിനു കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly